**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 175** | **23-08-2022 - ൽ മറുപടിയ്ക്ക്**

**കാൻസർ നിയന്ത്രണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എച്ച്. സലാം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്ത് കാൻസർ നിയന്ത്രണ പരിപാടിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; | (എ) | സംസ്ഥാനത്തെ നിലവിലുള്ള കാൻസർ രജിസ്ട്രി പ്രകാരം കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കിയ Cancer Strategic action plan ന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കാൻസർ ചികിത്സാ കേന്ദ്രങ്ങളെ ശാക്തീകരിക്കുന്നതിനും എല്ലാ തലങ്ങളിലും കാൻസർ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും കാൻസർ ചികിത്സാ കേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു കാൻസർ ചികിത്സാ ഗ്രിഡ് രൂപീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. റീജിയണൽ കാൻസർ സെന്ററുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയും മെഡിക്കൽ കോളേജുകളിൽ ഓങ്കോളജി യൂണിറ്റുകൾ ആരംഭിക്കുകയും ജില്ലാ ആശുപത്രികളിൽ കാൻസർ കെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തി താഴെതട്ടിലുള്ള ആശുപത്രികളിൽ പ്രൈമറി കാൻസർ കെയർ സംവിധാനങ്ങൾ ഒരുക്കിയും കാൻസർ ചികിത്സാ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച ജില്ലാ കാൻസർ കെയർ പദ്ധതിയിലൂടെ സംസ്ഥാനത്ത് 24 ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള പ്രാഥമിക കാൻസർ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.<br><br>കാൻസർ കണ്ടുപിടിക്കുന്നതിന് ബയോപ്സി, മാമോഗ്രാഫി തുടങ്ങിയ സൗകര്യങ്ങൾ ആശുപത്രികളിൽ സജ്ജമാക്കിയിട്ടുണ്ട്. മെഡിറ്റേഷൻ, സർജറി എന്നിവയും ചികിത്സയുടെ ഭാഗമായി നടത്തുന്നുണ്ട്. ആവശ്യമായ മരുന്നുകളും ആശുപത്രികളിൽ രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. G.O(Rt) No. 503/2021/H&FWD dated |

| | | | |
|---|---|---|---|
| | | | 19/02/2021 പ്രകാരം സൃഷ്ടിക്കപ്പെട്ട District Cancer Control Committee വഴി കേന്ദ്ര സംസ്ഥാന സർക്കാർ കാൻസർ പ്രതിരോധ നടപടികൾ ഏകോപിപ്പിച്ച് കൊണ്ട് പോകുന്നു. ഡി.എം.ഒ യാണ് ഈ കമ്മിറ്റിയുടെ കൺവീനർ. ഇതിന്റെ നേതൃത്വത്തിൽ കാൻസർ രോഗനിയന്ത്രണ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | കാൻസർ പ്രതിരോധം സംബന്ധിച്ച് ശാസ്ത്രീയമായ അവബോധം നൽകുന്നതിലേക്കായി സ്റ്റേറ്റ് കാൻസർ കൺട്രോൾ സ്ട്രാറ്റജി എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ നൽകാമോ; | (ബി) | കേരളത്തിലെ ജനങ്ങൾക്ക് സമഗ്രമായ കാൻസർ പ്രതിരോധ നിയന്ത്രണ പരിപാടികൾ വിഭാവനം ചെയ്യുന്ന ഒരു പദ്ധതിയാണ് സംസ്ഥാന കാൻസർ കൺട്രോൾ സ്ട്രാറ്റജിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിലൂടെ കാൻസർ പ്രതിരോധം, മുൻകൂർ രോഗനിർണ്ണയം, ചികിത്സ, സാന്ത്വനചികിത്സ എന്നീ ഘടകങ്ങളെ ഏകോപിപ്പിച്ച് കൊണ്ട് 2018 മുതൽ 2030 വരെയുള്ള കാലഘട്ടത്തിൽ കേരളത്തിൽ നടപ്പാക്കാൻ പോകുന്ന കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കേരളത്തിലെ കാൻസറിന്റെ വ്യാപ്തി കുറയ്ക്കുവാനും കാൻസർ രോഗികൾക്ക് സമയോചിതമായ ചികിത്സയിലൂടെ ജീവിത നിലവാരം ഉയർത്തുവാനും ഇതുവഴി ലക്ഷ്യമിടുന്നു. ഈ പദ്ധതിയിൽ പറയുന്ന പ്രധാന ദൗത്യങ്ങൾ ഇനി പറയുന്നവയാണ്.<br><br>1. കാൻസർ നിയന്ത്രണ ചികിത്സാ മേഖലകളിൽ നേതൃപാടവം, ഏകോപനം, ഉത്തരവാദിത്തം എന്നിവ കൊണ്ടുവരിക<br><br>2. ജനകീയ പങ്കാളിത്തത്തോടെ പ്രതിരോധത്തിലും നയരൂപീകരണത്തിലും സഹകരണം ഉറപ്പാക്കുക .<br><br>3. ആരോഗ്യ- പരിപാലന വിഭാവനം ശാക്തീകരിക്കുക, ഗവേഷണത്തിന് ഊന്നൽ നൽകുക<br><br>4. കേരള കാൻസർ റജിസ്ട്രി നടപ്പിലാക്കുക .<br><br>5. കാൻസർ പ്രതിരോധ നിയന്ത്രണ മേഖലകളിൽ NGO, സ്വകാര്യ മേഖലകളുടെ സഹകരണം കൊണ്ടുവരിക എന്നിവ ഇതിലെ പ്രധാന ദൗത്യങ്ങളാണ്.<br><br>**കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി 2018-30 ൽ ലോകാരോഗ്യ സംഘടനയിൽ നിന്ന് അടക്കമുള്ള വിദഗ്ധർ അടങ്ങുന്ന സമിതി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതിന് മൂന്ന് അപെക്സ് കാൻസർ** |

| | | | |
|---|---|---|---|
| | | | **സെന്ററുകളെ (എം.സി.സി, ആർ.സി.സി, സി.സി.ആർ.സി) ചുമതലപ്പെടുത്തിയിട്ടുണ്ട്.**<br><br>കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി നടപ്പിലാക്കുന്നതിനായി അപക്സ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചുകൊണ്ട് 30/07/2019 ൽ സ.ഉ (സാധാ) നം. 1865/2019/ ആ.കു.വ പ്രകാരം ഉത്തരവായിട്ടുണ്ട്. കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള കാൻസർ രെജിസ്ട്രിക്ക് 19.02.2021 തീയതിയിലെ സർക്കാർ ഉത്തരവ് (ആർ.ടി) നമ്പർ 501/2021/ആ.കു.വ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (സി) | സമഗ്ര കാൻസർ നിയന്ത്രണ തന്ത്രങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രത്യേകമായ കാൻസർ കെയർ സ്യൂട്ട് എന്ന സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ടോ; എന്തെല്ലാം സേവനങ്ങളും ലക്ഷ്യങ്ങളുമാണ് ഇതിലൂടെ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | 25.03.2022 ലെ സ.ഉ (സാധാ നം.680/2022/ ആ.കു.വ പ്രകാരം കാൻസർ കെയർ സ്യൂട്ട് സോഫ്റ്റ് വെയർ ഡവലപ്മെന്റിനായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.<br><br>സമഗ്ര കാൻസർ നിയന്ത്രണ തന്ത്രങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രത്യേക സോഫ്റ്റ് വെയർ കാൻസർ കെയർ സ്യൂട്ടിന്റെ നിർമ്മാണ പ്രക്രിയ പുരോഗമിച്ചു വരികയാണ്. കാൻസർ സ്ക്രീനിംഗ്, കാൻസർ രജിസ്ട്രി, ബോൺമാരോ രജിസ്ട്രി എന്നീ 3 മൊഡ്യൂളുകളാണ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജില്ലാതല കാൻസർ നിയന്ത്രണം, കേരളത്തിലെ കാൻസർ രോഗികളുടെ കൃത്യമായ വിവരങ്ങൾ ശേഖരിക്കുകയും അവർക്ക് കൃത്യമായ ചികിത്സ ഉറപ്പ് വരുത്തുകയും ചെയ്യുക എന്നിവയാണ് ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ